നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ 2-8-2008-ലെ 41/08/ ധന. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും വീണ്ടും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗത്തിനും അതിന്റെ കീഴിലുള്ള ജില്ലാ പരിശോധനാ വിഭാഗത്തിനും സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിരീക്ഷിക്കുന്നതിനും ഉണ്ടായാൽ തടയുന്നതിലേയ്ക്കുമായി വേണ്ട നിർദ്ദേശങ്ങൾ 20-5-2010-ലെ സ.ഉ.(പി) നമ്പർ 293/10/ധന പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്.

ഐ. ടി. പാർക്കുകൾക്കു വേണ്ടി സർക്കാർ ഗ്യാരന്റിയോടെ എടുത്ത ബാങ്ക് വായ്പകൾ

6 (5664) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോസിറ്റി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഐ.ടി പാർക്കുകൾക്കു വേണ്ടി സർക്കാർ ഗ്യാരന്റിയോടെ ഇതുവരെ എത്ര കോടി രൂപയുടെ ബാങ്ക് ലോണുകളാണ് എടുത്തിട്ടുള്ളത് ;

(ബി) ഏതൊക്കെ ബാങ്കുകളിൽ നിന്നുമാണ് ഇത്തരത്തിൽ വായ്പ എടുത്തിട്ടുള്ളത് ;

(സി) പ്രസ്തുത ബാങ്ക് ലോൺ തിരിച്ചടയ്ക്കുന്നതിന് എത്ര വർഷത്തെ കടാശ്വാസ കാലാവധി ആണ് ബാങ്കുകൾ അനുവദിച്ചിരുന്നത് ;

(ഡി) ഈ കാലാവധി എന്നവസാനിക്കും ; കാലാവധി അവസാനിക്കുമ്പോൾ പ്രസ്തുത വായ്പയുടെ തിരിച്ചടവായി പ്രതിമാസം എത്ര കോടി രൂപ അടയ്ക്കേണ്ടി വരും ;

(ഇ) ടെക്നോസിറ്റിക്ക് മാത്രമായി ഇപ്പോൾ ആകെ എത്ര കോടി കടബാദ്ധ്യതയാണുള്ളത് ;

(എഫ്) ഈ വർഷം ടെക്നോസിറ്റിയിൽ ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് കരുതുന്നത് ;

(ജി) ഇവിടെ പുതിയ പദ്ധതികൾ വരാത്ത സാഹചര്യത്തിൽ ഇത്തരം വലിയ വായ്പ ബാദ്ധ്യത എങ്ങനെ തിരിച്ചടയ്ക്കുമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ & ബി) കൊല്ലം ടെക്നോ പാർക്കിനുവേണ്ടി നബാർഡിൽനിന്നും RIDF സ്കീമിൽ 49.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻഫോ പാർക്ക് അതുല്യ ബിൽഡിംഗ് കോംപ്ലക്സിനുവേണ്ടി 60.26 കോടി രൂപയും അമ്പലപ്പുഴ ഇൻഫോ പാർക്കിന്റെ ജല വിതരണത്തിനായി 3.92 കോടി രൂപയുടെയും നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) തുക എടുത്തുകഴിഞ്ഞാൽ അന്നുമുതൽ 2 വർഷത്തെ മോറട്ടോറിയം ലഭിക്കുന്നതാണ്. കടാശ്വാസ കാലാവധി അവസാനിക്കുമ്പോൾ കൊല്ലം ടെക്നോപാർക്ക് പ്രതിമാസം 1.07 കോടി രൂപയും ഇൻഫോ പാർക്ക് കൊച്ചി പ്രതിമാസം ഏകദേശം 82 ലക്ഷം രൂപയും ഇൻഫോ പാർക്ക് അമ്പലപ്പുഴ പ്രതിമാസം ഏകദേശം 6 ലക്ഷം രൂപയും തിരിച്ചടവായി അടയ്ക്കേണ്ടി വരും.

(ഇ) ടെക്നോസിറ്റിക്ക് മാത്രമായി ഇപ്പോൾ 366.57 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളത്. ഇത് സർക്കാർ ഗ്യാരന്റിയോടുകൂടി ഉള്ളതല്ല. ബാങ്കുകളുടെ കൺസോർഷ്യം മുഖേനയുള്ള വായ്പയാണ്.

(എഫ് & ജി) ടെക്നോസിറ്റിയിൽ ഈ വർഷം വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇവ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ടെക്നോസിറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാവിധ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടന്നുവരികയാണ്. കേരളത്തിലെ ഐ.ടി.മേഖല നല്ല വളർച്ചാ നിരക്ക് കാണിക്കുന്നതിനാൽ ടെക്നോസിറ്റിയിൽ പുതിയ പദ്ധതികൾ വരാൻ താൽപ്പര്യം കാണിക്കുന്നുണ്ട്. അതിനാൽ വായ്പ തിരിച്ചടയ്ക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാവില്ലെന്നാണ് പ്രതീക്ഷിക്കുന്നത്.

ഫ്രണ്ട്സ് ജനസേവനകേന്ദ്രം

7 (5665) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വകുപ്പിന് കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ നിന്നും നിലവിൽ ലഭ്യമായിട്ടുള്ള സേവനങ്ങളെ കുറിച്ച് വിശദമാക്കാമോ ;

(സി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഏത് സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനു പകരം പുതിയ സോഫ്റ്റ്വെയർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പുതിയ സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങളെയും സൗകര്യങ്ങളെയും കുറിച്ച് വിശദീകരിക്കാമോ ;

(എഫ്) പുതിയ സോഫ്റ്റ് വെയർ ഏത് ഏജൻസിയാണ് വികസിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ജി) പുതിയ സോഫ്റ്റ്വെയർ എന്നു മുതൽ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly